(ബി&സി) മലയോര മേഖലകളിലും ആദിവാസി ഊരുകളിലും സഞ്ചാര സൗകര്യം കുറവുള്ള പ്രദേശങ്ങളിലും അധിവസിക്കുന്ന ജനങ്ങൾക്ക് ജീവിത ശൈലി രോഗനിർണ്ണയവും ചികിത്സയും മരുന്നും സൗജന്യമായി നൽകുന്ന സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളാണ് കെയർ ഓൺ വീൽസ്. ഇത് മലപ്പുറം, ഇടുക്കി, വയനാട് ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേക വാൻ സജ്ജീകരിക്കുകയും അതിനുള്ളിൽ മിനി ലബോറട്ടറി ഒരുക്കുകയും പരിശോധനാ സംവിധാനങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലബോറട്ടറി ടെക്നീഷ്യന്റെ സേവനവും അതാത് പ്രദേശത്തെ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ സേവനവും ഉറപ്പുവരുത്തുന്നു. ഇതുപോലെ ആലപ്പുഴ, എറണാകുളം ജില്ലകളിൽ തുരുത്തുകളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും താമസിക്കുന്ന ജനങ്ങൾക്കായുള്ള സഞ്ചരിക്കുന്ന ജീവിതശൈലി ക്ലിനിക്കുകളായ 'കയർ ഓൺ വേവ്സ്' ബോട്ടുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

സ്റ്റാഫ് നഴ്സ് തസ്തികകൾ

28 (4831) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിധിയിലുള്ള ജില്ല, താലൂക്ക്, സി.എച്ച്.സി, പി.എച്ച്.സി., എന്നീ ആശുപത്രികളിലായി സ്റ്റാഫ് നഴ്സ് ഗ്രേഡ്- III സ്റ്റാഫ് നഴ്സ്-II, ഹെഡ് നഴ്സ് എന്നിവരുടെ എത്ര അനുവദനീയ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) മേൽസൂചിപ്പിച്ച തസ്തികകളിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് യഥാക്രമം 2:2:1 എന്ന് അനുപാതത്തിലുള്ള പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) ഡി.എച്ച്.എസിന്റെ ES3/76025/10 തീയതി 3-1-2013-ലെ പഴയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം റാങ്ക് നമ്പർ 3460 മുതൽ 3895 വരെയും പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 1 മുതൽ 2000 വരെയും ഉള്ള ലിസ്റ്റിൽനിന്നും ഗ്രേഡ് -I നഴ്സുമാർ, മറ്റ് 13 ജില്ലകളിൽനിന്നും ആയി കൊല്ലം ജില്ലയിലേക്ക് എത്ര പേർ സ്ഥലമാറ്റം മുഖാന്തരം ജോലിനോക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് ഗ്രേഡ് -I നഴ്സുമാർക്ക് മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ് -III എന്ന തസ്തിക ആരോഗ്യവകുപ്പിലില്ല. സ്റ്റാഫ് നഴ്സ് ഗ്രേഡ് -II, ഗ്രേഡ് -I, ഹെഡ് നഴ്സ് എന്നീ തസ്തികകളാണുള്ളത്. ഗ്രേഡ് -II, ഗ്രേഡ്-I എന്നിവയ്ക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന അനുപാതത്തിലാണ് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നത്. നിലവിൽ 2:2:1 എന്ന അനുപാതത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I-ന്റെ 3007-ഉം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 3007-ഉം ഹെഡ് നഴ്സിന്റെ 1503 -ഉം തസ്തികകളും നിലവിലുണ്ട്.

(ബി) 2:2:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 53 പേർ.

(ഡി) അന്തർജില്ലാ സ്ഥലമാറ്റ വ്യവസ്ഥയിലെ നിലവിലെ ഉത്തരവുകൾ പ്രകാരം ഗ്രേഡ്-II തസ്തികയിലേയ്ക്ക് മാത്രമേ അന്തർജില്ലാ സ്ഥലമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ.

സാന്ത്വന ചികിത്സ

29 (4832) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാന്ത്വന ചികിത്സാരംഗത്ത് എന്തെല്ലാം നവീന പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സാന്ത്വന ചികിത്സയ്ക്ക് ആയുർവേദ/ഹോമിയോ മരുന്നുകൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഹോമിയോ/ആയുർവേദ ചികിത്സാരീതികൾ സാന്ത്വന ചികിത്സയ്ക്ക് ഫലപ്രദമായി ഉപയോഗിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാന്ത്വന ചികിത്സാരംഗത്ത് രണ്ടുതരം സേവനങ്ങളാണ് ആരോഗ്യ വകുപ്പിലൂടെ നൽകിവരുന്നത്. ഭവന സന്ദർശനം നടത്തി ശയ്യാവലംബരായ രോഗികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly